FRIDAY 27.10.2023 വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

### Agriculture Development and Farmer's Welfare Department
### GOVERNMENT OF KERALA


Chief Editor : ASA S KUMAR    Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-27/10/202

1. പി എം കിസാൻ സമ്മാൻ നിധി പദ്ധതി ആനുകൂല്യം തുടർന്ന് ലഭിക്കാൻ ആധാർ സീഡിങ്, ഇ -കെ വൈ സി, ഭൂരേഖകൾ എന്നിവ വിജയകരമായി പൂർത്തിയാക്കാത്തവർ 2023 ഒക്ടോബർ 31ന് അകം പൂർത്തിയാക്കുക. ബാങ്ക് അക്കൗണ്ടുകൾ ആധാറുമായി ബന്ധിപ്പിക്കണം. ആധാർ കാർഡും ആധാർ ലിങ്ക് ചെയ്ത മൊബൈൽ ഫോണുമായി കൃഷിഭവൻ നിർദ്ദേശിക്കുന്ന പോസ്റ്റ് ഓഫീസിൽ എത്തി IPPB സേവിങ്സ് ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കാവുന്നതാണ്. അക്ഷയ, സി എസ് സി ജനസേവന കേന്ദ്രങ്ങൾ മുഖേന eKYC പൂർത്തീകരിക്കുക. ഗൂഗിൾ പ്ലേ സ്റ്റോർ വഴി PMKISSAN GOI എന്ന ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്ത് ഗുണഭോക്താക്കൾക്ക് നേരിട്ടും e-KYC പൂർത്തീകരിക്കാവുന്നതാണ്. റവന്യൂ വകുപ്പിന്റെ ReLIS പോർട്ടലിൽ ഭൂരേഖകൾ ഉള്ളവർ എയിംസ് പോർട്ടലിൽ നേരിട്ടോ അക്ഷയ, സി എസ് സി ജനസേവന കേന്ദ്രങ്ങൾ മുഖേനയോ ഭൂരേഖകൾ രേഖപ്പെടുത്തേണ്ടതാണ്. ഇതുവരെ ഓൺലൈൻ വഴി സ്ഥലവിവരം രേഖപ്പെടുത്താൻ കഴിയാത്തവർ ബന്ധപ്പെട്ട കൃഷിഭൂമിയുടെ 2018 -19 ലെയും നിലവിലെയും ഭൂരേഖകൾ, അപേക്ഷ എന്നിവ നേരിട്ട് കൃഷിഭവനിൽ സമർപ്പിച്ച് പിഎം കിസാൻ പോർട്ടലിൽ രേഖപ്പെടുത്തേണ്ടതാണ്. ആധാർ സീഡിങ്, ഇ- കെ വൈ സി ഭൂരേഖകൾ പോർട്ടലിൽ രേഖപ്പെടുത്തൽ എന്നിവ പൂർത്തീകരിക്കുന്നതിനായി ഒക്ടോബർ മാസത്തിൽ നടക്കുന്ന ക്യാമ്പയിനിൽ പങ്കെടുക്കുവാൻ കർഷകർ അവരുടെ കൃഷിഭൂമി സ്ഥിതി ചെയ്യുന്ന പഞ്ചായത്തുകളിലെ കൃഷിഭവനുമായി ബന്ധപ്പെടേണ്ടതാണ്. മേൽപ്പറഞ്ഞ നടപടികൾ 2023 ഒക്ടോബർ 31 നകം പൂർത്തീകരിക്കാത്തവർക്ക് പദ്ധതി അനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല. അപ്രകാരം അനർഹരാകുന്നവർ ഇതുവരെ കൈപ്പറ്റിയ തുക തിരിച്ച് അടയ്ക്കേണ്ടി വരും. പി എം കിസാൻ പദ്ധതിയിൽ പുതുതായി അംഗമാകുന്നതിന് സ്വന്തമായോ അക്ഷയ ഡിജിറ്റൽ സേവന കേന്ദ്രങ്ങൾ വഴിയോ ആധാർ കാർഡ് 2018 -19 ലെയും അതേ ഭൂമിയുടെ നിലവിലെയും കരമടച്ച രസീത് എന്നിവ ഉപയോഗിച്ച് www.pmkisan.gov.in പോർട്ടലിൽ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 1800-180-1551 എന്ന ടോൾഫ്രീ നമ്പറിലോ PMU KERALA 0471-2304022,04712964022 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടുക

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. ക്ഷീരവികസന വകുപ്പിന്റേയും, ക്ഷീരസഹകരണ സംഘങ്ങളുടേയും സംയുക്താഭിമുഖ്യത്തിൽ കഞ്ഞിക്കുഴി ബ്ലോക്ക് ക്ഷീരസംഗമം 2023-24 പൊക്ലാശ്ശേരി ക്ഷീരസഹകരണ സംഘം പരിസരത്ത് വച്ച് ഈ മാസം 31 ന് ആലപ്പുഴ എം.പി. അഡ്വ. എ.എം. ആരിഫ് ഉദ്ഘാടനം നിർവ്വഹിക്കുന്നു. ഇതിനോടനുബന്ധിച്ച് കന്നുകാലി പ്രദർശനം, ക്ഷീരവികസന സെമിനാർ, ഉദ്ഘാടന സമ്മേളനം, ക്ഷീരകർഷകരെ ആദരിക്കൽ, ക്ഷീരസംഘങ്ങൾക്കുള്ള അവാർഡ് വിതരണം, ഡയറി ക്വിസ്സ് എന്നിവ ഉണ്ടായിരിക്കുന്നതാണ്. ആലപ്പുഴ എം.എൽ.എ. പി.പി. ചിത്തരഞ്ജൻ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥർ, സഹകാരികൾ തുടങ്ങിയവർ പങ്കെടുക്കുന്നു.

3. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലിവളർത്തൽ കേന്ദ്രത്തിലെ ഫലവൃക്ഷങ്ങളായ തെങ്ങ്, മാവ്, പ്ലാവ്, കശുമാവ്, പുളി എന്നിവയിൽ നിന്നും 01.11.2023 മുതൽ 31.10.2024 വരെയുള്ള ഒരു വർഷക്കാലയളവിൽ ആദായം എടുക്കുവാനുള്ള അവകാശം 02.11.2023ന് പകൽ 12 മണിക്ക് ഓഫീസിൽ വച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നു. ആയിരം രൂപ നിരതദ്രവ്യമടച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി നേരിട്ടോ, 0471 2732962 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക.

4. റബ്ബർമരങ്ങളിൽ ഇടവേളകൂടിയ ടാപ്പിങ്ങ്രീതികളെക്കുറിച്ചറിയാൻ ഇന്ന് (ഒക്ടോബർ 27) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ചോദ്യങ്ങൾക്ക് റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ഫോണിലൂടെ മറുപടി പറയും. കോൾസെന്റർ നമ്പർ 0481 2576622.

5. തൃശൂർ കൃഷിവിജ്ഞാനകേന്ദ്രത്തിൽ മൂന്ന് ആഴ്ച പ്രായമുള്ള കാടകോഴി കുഞ്ഞുങ്ങൾ ഈ മാസം 30 മുതൽ വിൽപനക്ക് തയ്യാറാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9400483754.

6. കോട്ടയം ജില്ലയിലെ പുതുപ്പള്ളി ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതി 2023- 24 പ്രകാരം നടപ്പാക്കുന്ന മുട്ടക്കോഴി വളർത്തൽ, ധാതുലവണ വിതരണം, പ്രത്യേക കന്നുക്കുട്ടി പരിപാലനം എന്നീ പദ്ധതികളുടെ അപേക്ഷയും രേഖകളും ഗുണഭോക്തൃ വിഹിതവും (മുട്ടക്കോഴി വളർത്താൻ) കോട്ടയം ജില്ലയിലെ പുതുപ്പള്ളിയിലെ പരിയാരം വെറ്ററിനറി പോളിക്ലിനിക്കിൽ ഈ മാസം 31ന് 3 മണിക്ക് മുൻപ് സമർപ്പിക്കണമെന്ന് വെറ്ററിനറി സർജൻ അറിയിച്ചു.

7. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തവനൂർ കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എഞ്ചിനിയറിംഗ് ആന്റ് ടെക്നോളജിയിലെ (KCAET) ബിടെക് അഗ്രികൾച്ചറൽ എഞ്ചിനിയറിംഗ്, ബി.ടെക് ഫുഡ് ടെക്നോളജി എന്നീ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ 28.10.2023 (ശനിയാഴ്ച)രാവിലെ 10.00 മണിക്ക് നടത്തുന്നു. കീം (KEAM 2023) റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലും കമ്മ്യൂണിറ്റി റിസർവേഷൻ പാലിച്ചുകൊണ്ടുമായിരിക്കും അഡ്മിഷൻ നടത്തുക. കൂടുതൽ വിവരങ്ങൾക്ക് കോളേജിന്റെയും യൂണിവേഴ്സിറ്റിയുടേയും www.kcaet.kau.in, www.kau.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.

പരിശീലന പരിപാടി

8. ക്ഷീര വികസന വകുപ്പിന്റെ ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 2023 ഒക്ടോബർ 30 മുതൽ 31 വരെയുള്ള 2 ദിവസങ്ങളിലായി ക്ഷീര കർഷകർക്കായി "തീറ്റപ്പുൽ കൃഷി പരിശീലനം എന്ന വിഷയത്തിൽ ക്ലാസ്സ് റൂം പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. താത്പര്യമുള്ള കർഷകർക്ക് ഓച്ചിറ പരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ,കൊല്ലം ജില്ലാ ഡപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ അതാത് ബ്ളോക്ക് ക്ഷീര വികസന ആഫീസർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യാവുന്നതാണ്. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. രജിസ്ട്രേഷൻ ഫീസ് 20/- രൂപ. താത്പര്യമുള്ള ക്ഷീര കർഷകർ 2023 ഒക്ടോബർ 28 ന് വൈകുന്നേരം 5 മണിക്ക് മുമ്പായി 8089391209, 04762698550 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് അർഹമായ ടി എ യും ഡി എ യും ഉണ്ടായിരിക്കുന്നതാണ്. ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പ്, ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് എന്നിവ പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്

9. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 30ന് ഒരു ദിവസത്തെ **പെറ്റ് ഡോഗ് മാനേജ്മെന്റ്** എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു നായ വളർത്തുന്നതിൽ താല്പര്യമുള്ള കണ്ണൂർ, കാസർഗോഡ്, കോഴിക്കോട് ജില്ലകളിൽ ഉള്ളവർ ഈ മാസം 28ന് മുൻപായി ഈ പരിശീലന

കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9946624167, 04972763473 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം